# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 02 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## മാലിന്യ മുക്ത ശബരിമല; 'പുണ്യം പൂങ്കാവനം' പൂർണ്ണതയിലേക്ക്

ശബരിമല: ശുചീകരണവും ബോധവൽക്കരണവുമായി ശബരിമല യിൽ പുണ്യം പൂങ്കാവനം പദ്ധതി പൂർണതയിലേക്ക്. പദ്ധതി ഗുണം ചെയ്യുന്നുവെന്നതിന് തെളിവാണ് ശബരിമലയുൾപ്പെടുന്ന പെരിയാർ കടുവാ സങ്കേതത്തിലെ കാഴ്ചകൾ. വിവിധയിടങ്ങളിലായി സ്ഥാപിച്ച വേസ്റ്റ് ബിന്നുകളിൽ മാലിന്യം നിക്ഷേപിക്കാൻ തീർഥാടകരടക്കമുള്ളവർ തയ്യാറാകുന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യം ഭക്ഷിക്കാൻ പന്നികൾ അലഞ്ഞു തിരിയുന്ന കാഴ്ചകളും കുറവാണ്.

സന്നിധാനത്തെത്തിയ പുണ്യം പൂങ്കാവനം പദ്ധതി നോഡൽ ഓഫീസർ ഐ.ജി പി വിജയൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും ചെയ്തു. പ്ലാസ്റ്റിക് മാലിന്യം ശബരിമലയിലേക്ക് കൊ ു വരാതിരിക്കേ പ്രാധാന്യം ഭക്തരെ ബോധ്യപ്പെടുത്താൻ

പദ്ധതിയിലൂടെ കഴിഞ്ഞതായും ശബരിലയിലേക്ക് ഇനി കൂടുതൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്താതിരിക്കാനുള്ള പ്രവർത്തനങ്ങളാണ് സജീവമായി നടത്തേ തെന്നും അദ്ദേഹം പറഞ്ഞു. ഇരുമുടി കെട്ടിൽ വരെ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശബരിമലയിലെത്തുന്നു ്.

2011-ലാണ് ഐ.ജി പി വിജയന്റെ നേതൃത്വത്തിൽ ശബരിമലയിലെ ശുചീകരണ-ബോധവൽക്കരണ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് പുണ്യം പൂങ്കാവനം പദ്ധതി ആരംഭിച്ചത്. കേരള പൊലിസ്, കേന്ദ്രസേനകൾ, വിവിധസർക്കാർവകുപ്പുകൾ, സന്നദ്ധപ്രവർത്തകർ എന്നിവരെ യോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ദിവസവും രാവിലെ ഒമ്പത് മുതൽ 10 വരെയാണ് ശുചീകരണം. ശേഖരിക്കുന്ന മാലിന്യങ്ങൾ ട്രാക്ടറിൽ പമ്പയിലേക്ക് മാറ്റുന്നു ്. സന്നിധാനത്ത് തിരക്കുള്ള സമയത്ത് മെഗാഫോൺ ഉപയോഗിച്ചാണ് തീർഥാടകർക്ക് ബോധവൽക്കരണ നിർദ്ദേശം നൽകുന്നത്.
എൻഡിആർഎഫ് ഡെപ്യൂട്ടി കമാ ന്റ് ജി വിജയൻ, റാപിഡ് ആക്ഷൻ ഫോഴ്സ് ഡെപ്യൂട്ടി കമാ ന്റ് ദിനേശ് എന്നിവരും പുണ്യം പൂങ്കാവനത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടു ക്കുന്നു ്.

(പി.ആർ. ശബരി-198)

## ശബരിമലയിലെത്തുന്ന എല്ലാവരും പുണ്യംപൂങ്കാവനത്തിൽ പങ്കാളികളാവണം: പി വിജയൻ

ശബരിമല: ശബരിമലയിലെതത്തുന്ന എല്ലാവരും പൂങ്കാവനത്തെ സംരക്ഷിക്കാനുള്ള പുണ്യംപൂങ്കാവനം പദ്ധതിയിൽ പങ്കാളികളാവണമെന്ന് പദ്ധതിയുടെ നോഡൽ ഓഫീസറായ ഐ.ജി. പി. വിജയൻ പറഞ്ഞു. പുണ്യംപൂങ്കാവനം പദ്ധതിയുടെ അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2011ൽ ആരംഭിച്ച പുണ്യംപൂങ്കാവനം പദ്ധതിയിലൂടെ സംരക്ഷിത വനപ്രദേശമായ പെരിയാർ കടുവാസങ്കേതത്തിന്റെ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്.

ശബരിമലയിലെത്തുന്ന തീർഥാടകർ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് വന്യജീവികളുടെ നിലനിൽപ്പിനും വനത്തിന്റെ സന്തുലിതാവസ്ഥയ്ക്കും ഭീക്ഷണിയാകുന്നുവെന്ന തിരിച്ചറിവിലാണ് പുണ്യംപൂങ്കാവനംപദ്ധതി ആരംഭിച്ചത്. ശബരിമല സാനിട്ടേഷൻ

സൊസൈറ്റിയുടെ ചുമതതലയിലുള്ള വിശുദ്ധിസേനാംഗങ്ങളുടെ കൂടി സഹകരണത്തിലാണ് പദ്ധതി നടക്കുന്നത്. ശുചീകരണം വിശുദ്ധിസേനാംഗങ്ങളുടെമാത്രം ചുമതലയാണെന്ന ധാരണമാറ്റി എല്ലാവരെയും ശുചീകരണത്തിൽ പങ്കാളികളാക്കാൻ പദ്ധതിയിലൂടെ കഴിഞ്ഞതായും ഐ.ജി. പറഞ്ഞു. ദിവസവും രാവിലെ ഒൻപതു മുതൽ പത്തുവരെ നടക്കുന്ന പുണ്യംപൂങ്കാവനംപദ്ധതി ഏറെ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.

ന്നിധാനത്തെ 13 സെക്ടറുകളായി വേർതിരിച്ചാണ് പുണ്യംപൂങ്കാവനം പ്രവർത്തകർ ശുചീകരണം നടത്തുന്നത്. മുകളിലെ തിരുമുറ്റം, താഴെ തിരുമുറ്റം, വടക്കേനടയും ഭസ്മക്കുളവും, മാളികപ്പുറം നടപ്പന്തൽ, നടപ്പന്തൽ മുതൽ ജീപ്പ്റോഡുവരെ, ജീപ്പ്റോഡ് മുതൽ മരക്കൂട്ടംവരെ, ബെയ്‌ലിപാലം, പോലിസ് ബാരക്ക്, ബി.എസ്.എൻ.എൽ. ഓഫീസ് പരിസരം, കൊപ്രാക്കളം, ദേവസ്വംമെസ് എന്നിവയാണ് വിവിധസെക്ടറുകൾ. സി.ആർ.പി.എഫ്, എൻഡി.ആർ.എഫ്, ദേവസ്വം ജീവനക്കാർ, പോലീസ്, ആരോഗ്യവകുപ്പ്, അയ്യപ്പസേവാസംഘം തുടങ്ങിയവരും തീർഥാടകരുമാണ് ശുചീകരണത്തിൽ പങ്കാളികളാകുന്നത്.

(പി.ആർ. ശബരി-199)

## നീക്യാപ്പും ആങ്കിൾസപ്പോർട്ടും കുറഞ്ഞനിരക്കിൽ നൽകി കാരുണ്യഫാർമസി

ശബരിമല: മുട്ടിനും കാലിനും വേദനയില്ലാതെ മലയിറങ്ങാൻ കുറഞ്ഞനിരക്കിൽ നീക്യാപ്പും ആങ്കിൾസപ്പോർട്ടും തീർഥാടകർക്ക് വിതരണം ചെയ്ത് മാതൃകയാവുകയാണ് സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റിഫാർമസി. ദർശനം നടത്തി തിരിച്ചിറങ്ങുന്ന തീർഥാടകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് കുത്തനെയുള്ള മലയിറങ്ങുമ്പോൾ മുട്ടിനു ാകുന്ന വേദനയും മുട്ട്മടങ്ങുന്നതും നീക്യാപ്പ് ധരിക്കുന്നതിലൂടെ മലകയറ്റവും ഇറക്കവും കൂടുതൽ സൗകര്യപ്രദമാകും. 240രൂപ വിലയുള്ള നീക്യാപ്പ് നൂറുരൂപയ്ക്കാണ് കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്ന് വിതരണം ചെയ്യുന്നത്. 190രൂപ വിലയുള്ള ആങ്കിൽസപ്പോർട്ട് 87രൂപയ്ക്കാണ് നൽകുന്നത്. കഴിഞ്ഞ ആറുവർഷമായി സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഫാർമസി തീർഥാടകർക്ക് ഏറെ ആശ്വാസകരമാണ്. പത്തുശതമാനം മുതൽ 90ശതമാനംവരെ വിലക്കുറവിലാണ് കമ്മ്യൂണിറ്റി ഫാർമ

സിയിൽനിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നത്. പ്രെഷർ, ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ വാങ്ങാൻ അന്യ സംസ്ഥാനക്കാരുൾപ്പടെ നിരവധി ആളുകളാണ് ദിനംപ്രതി ഫാർമ സിലെത്തുന്നത്.

(പി.ആർ. ശബരി-200)

## സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ പുതിയ ഐ.സി.യു.

ശബരിമല: സന്നിധാനത്ത് വലിയനടപ്പന്തലിന് സമീപമുള്ള സർക്കാർ ആശുപത്രിയിൽ പുതിയ ഐ.സി.യു. പ്രവർത്തനം ആരംഭിച്ചു. ആറ് കിടക്കകളോടെ എല്ലാ ആധുനിക സംവിധാനങ്ങളും പുതിയ ഐ.സി.യുവിൽ സജ്ജീകരിച്ചിട്ടു ്. സന്നിധാനത്ത് ആരോഗ്യപ്രശ്നങ്ങൾ അനുഭവപ്പെടുന്നവർക്ക് കൂടുതൽ കാര്യക്ഷമമായ പരിചരണം നൽകുന്നതിന് പുതിയ ഐ.സി.യു. സജ്ജീകരിച്ചതിലൂടെ കഴിഞ്ഞു. നിലവിൽ ഹൃദയസംബന്ധമായ അസുഖമുള്ളവർക്ക് സഹസ് കാർഡിയോളജി സെന്ററിലെ ഐ.സി.യുവിലാണ് പരിചരണം നൽകുന്നത്. പുതിയ ഐ.സി.യു. നിലവിൽവന്നതോടെ അടിയന്തിരഘട്ടങ്ങളിൽ കൂടുതൽ തീർഥാടകർക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ കഴിയും. വിദഗ്ധപരിചരണം ആവശ്യമുള്ളവരെ പ്രഥമിക ചികിൽസയ്ക്കുശേഷം ഓഫ് റോഡ് ആംബുലൻസ് ഉപയോഗിച്ച് 20മിനിറ്റിനുള്ളിൽ പമ്പയിലെത്തിക്കാൻ കഴിയും. ലബോറട്ടറി സംവിധാനം, എക്സ്റേ, എന്നിവയ്ക്കുപുറമേ സുസജ്ജമായ ഐ.സി.യു കൂടി തയ്യാറായതോടെ സന്നിധാനത്ത് തീർഥാടകർക്കുള്ള ആരോഗ്യസേവനങ്ങളിൽ വൻമുന്നേറ്റമാണ് ഉ ായിട്ടുള്ളത്. സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽമാത്രം ആറ് ഡോക്ടർമാരെയാണ് സേവനത്തിനായി നിയോഗിച്ചിട്ടുള്ളത്. ഓർത്തോ, പീഡിയാട്രിക്സ്, സർജറി, അനസ്തേഷ്യാ, ജനറൽമെഡിസിൻ എന്നീ വിഭാഗങ്ങളിലെ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും ആശുപത്രിയിൽ ലഭ്യമാണ്. സന്നിധാനത്തെ സർക്കാർ ആശുപത്രിയുടെ നോഡൽ ഓഫീസർ ഡോ. സുരേഷ്ബാബുവാണ്.

(പി.ആർ. ശബരി-201)

# പേശിവേദനയ്ക്ക് ഇൻഫ്രാറെഡ് ചികിൽസയുമായി ആയുർവേദആശുപത്രി

ശബരിമല: മലകയറി ദർശനത്തിനെത്തുന്ന തീർഥാടകർക്ക് അനുഭവപ്പെടുന്ന പേശിവേദന, പേശിവലിവ് എന്നിവയ്ക്ക് സന്നിധാനത്ത് വലിയനടപ്പന്തലിന് സമീപമുള്ള ആയുർവേദആശുപത്രിയിൽ ഇൻഫ്രാറെഡ് ചികിൽസ ലഭ്യമാണ്. വിദഗ്ധ മർമ ഡോക്ടറുടെ മേൽനോട്ടത്തിൽ മസാജ് ചെയ്തതിനുശേഷമാണ് ഇൻഫ്രാറെഡ് ചികിൽസ നൽകുന്നത്. കുത്തനെയുള്ള മലകയറി ദർശനത്തിനെത്തുന്ന മിക്ക തീർഥാടകർക്കും തിരിച്ചിറങ്ങുമ്പോൾ പേശികൾക്ക് ബലം കുറഞ്ഞ് വിറയൽ അനുഭവപ്പെടാറു ്. ഇതിന് ഏറ്റവുംഫലപ്രദമാണ് മസാജും ഇൻഫ്രാറെഡ് ചികിൽസയും. തീർഥാടകർക്ക് പുറമേ സേവനത്തിനായെത്തുന്ന വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും മസാജും ഇൻഫ്രാറെഡ് ചികിൽസയും ഏറെ സഹായമാകുന്നു ്. സന്നിധാനത്തെ ജോലിചെയ്യുന്നവർക്ക് കൂടുതലായി ക ുവരുന്ന പനി, സൈനസ്സൈറ്റീസ്, ഫാരിഞ്ചൈറ്റീസ്, ശ്വാസംമുട്ടൽ എന്നിവയ്ക്ക് പരിഹാരമായി ആയുർവേദ ഇൻഹലേഷൻ നൽകുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ആയുർവേദആശുപത്രിയിൽ സജ്ജമാക്കിയിട്ടു ്. അഞ്ച് സ്പെഷ്യാലിറ്റി ഡോക്ടർമാരെയും ഒരുമെഡിക്കൽ ഓഫീസറേയുമാണ് സന്നിധാനത്തെ ആയുർവേദആശുപത്രിയിൽ നിയോഗിച്ചിട്ടുള്ളത്. ജനറൽ, നേത്ര, മർമ, സൈക്യാട്രി, വിഷചികിൽസ എന്നീവിഭാഗങ്ങളിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയാണ് നിയോഗിച്ചിട്ടുള്ളത്. ഡോക്ടർ ഷൈനാണ് ആസുപത്രിയുടെ ചുമതലവഹിക്കുന്നത്. ഡോക്ടർമാരുൾപ്പടെ 13 ജീവനക്കാരെയാണ് ആശുപത്രിയിൽ നിയോഗിച്ചിട്ടുള്ളത്.

(പി.ആർ. ശബരി-202)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 02 2018

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### തീർഥാടകർക്ക് സഹായങ്ങളൊരുക്കി അടിയന്തിരഘട്ട പ്രതികരണകേന്ദ്രങ്ങൾ

ശബരിമല: അടിയന്തിരസാഹചര്യങ്ങളെ നേരിടുന്നതിനും വകുപ്പുകളുടെ ഏകോപനം നിയന്ത്രിക്കുന്നതിനുമായി സന്നിധാനത്തെ ഫെസ്റ്റിവൽ കൺട്രോൾ ഓഫീസിൽ പ്രവർത്തിക്കുന്ന അടിയന്തിരഘട്ട പ്രതികരണ കേന്ദ്രത്തിന്റെ(എമർജൻസി ഓപ്പറേഷൻ സെന്റർ) പ്രവർത്തനം ശ്രദ്ധേയമാകുന്നു.

മുൻവർഷങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ ചുമതലയിലായിരുന്നു സന്നിധാനത്തെ സർക്കാർവകുപ്പുകളുടെ ഏകോപനം. ഇത്തവണ ഡ്യൂട്ടിമജിസ്ട്രേറ്റിന്റെ ഓഫീസിന് പുറമേ ജില്ലാകലക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള എമർജൻസി ഓപ്പറേഷൻ സെന്ററുമു ്. സന്നിധാനത്തും നിലയ്ക്കലും പമ്പയിലും എമർജൻസി ഓപ്പറേഷൻസെന്ററുകൾ പ്രവർത്തിക്കുന്നു. നിലയ്ക്കലാണ് കൺട്രോളിങ് ഓഫീസ്. അഡീഷ്ണൽ ജില്ലാമജിസ്ട്രേറ്റ് വി.ആർ. പ്രേംകുമാറാണ് നിലയ്ക്കൽ കേന്ദ്രത്തിന്റെ ഏകോപനം നിർവഹിക്കുന്നത്. ഇതിനുപുറമേ എല്ലാ ഇ.ഒ.സികളിലും ഡ്യൂട്ടിമജിസ്ട്രേറ്റുമാരെയും നിയോഗിച്ചിട്ടു ്. അത്യാധുനിക വയർലസ് സംവിധാനം, കലക്ട്രേറ്റുമായി ബന്ധിപ്പിച്ചുള്ള ഹോട്ട്ലൈൻ എന്നിവ ഇ.ഒ.സിയുടെ പ്രത്യേകതയാണ്. ഓരോ മണിക്കൂറിലുമുള്ള തീർഥാടകരുടെ വരവ്, മറ്റ് അത്യാവശ്യ വിവരങ്ങൾ എന്നിവ

ഇ.ഒ.സികൾ തമ്മിൽ കൈമാറുന്നു ്. വാട്സ്ആപ്പ് ഗ്രൂപ്പും ഇതിനായി ഉപയോഗിക്കുന്നു. മാലിന്യം, കുടിവെള്ളവിതരണം. വൈദ്യുതി തടസം തുടങ്ങിയവ അപ്പപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി പരിഹാരം കാണാൻ കഴിയുന്നു.

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സേവനത്തിന് നിയോഗിച്ചിട്ടുള്ള വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥർ എല്ലാദിവസവും റിപ്പോർട്ട് ചെയ്യേ തു ്. പുതിയ ഉദ്യോഗസ്ഥർ എത്തുമ്പോൾ വിവരം ഇ.ഒ.സികളിലും അറിയിക്കണം. ഇതുമൂലം ഉദ്യോഗസ്ഥർ മാറുമ്പോഴു ാകുന്ന ആശയവിനിമയത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയും.

തീർഥാടകർക്കും മറ്റുള്ളവർക്കും പരാതികൾ അറിയിക്കുന്നതിന് പ്രത്യേക ഫോൺനമ്പരുകൾ സജ്ജമാക്കിയിട്ടു ്. നൂറോളം പരാതികൾ ഇതുവരെ ഇ.ഒ.സികളിൽ ലഭിച്ചിട്ടു ്. ഇവയിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാതി പരിഹരിച്ചുവെന്ന് ഉറപ്പാക്കാനായിട്ടു ്.

സന്നിധാനത്തെ ഇ.ഒ.സിയുടെ ചുമതല ഡ്യൂട്ടിമജിസ്ട്രേറ്റായ പി.പി. ജയരാജനാണ്. റവന്യൂവകുപ്പിന്റെ ജീവനക്കാർ മൂന്ന് ഷിഫ്റ്റുകളായി 24 മണിക്കൂറിലും ഇവിടെ പ്രവർത്തിക്കുന്നു. തീർഥാടകർക്ക് അടിയന്തിരസാഹചര്യങ്ങളിൽ സഹായത്തിനായി ഇ.ഒ.സികളിൽ ബന്ധപ്പെടാം. ഫോൺ: 04735-202984(സന്നിധാനം), 04735-203232(പമ്പ), 04735-205225(നിലയ്ക്കൽ).

(പി.ആർ. ശബരി-203)

## പുകവലിക്കാർക്കെതിരെ കർശന നടപടിയുമായി എക്സൈസ് വകുപ്പ്

ശബരിമല: ശബരിമലയിലേയ്ക്കുള്ള യാത്രാമധ്യേ പുകവലിക്കുന്നവർ ജാഗ്രതൈ..! നിങ്ങൾക്കെതിരെ നടപടിയെടുക്കാൻ എക്സൈസ് സംഘം ജാഗ്രതയോടെ ചുറ്റുമു ്. കോട്പ നിയമനുസരിച്ച് പൊതുശല്യമു ാക്കുന്നതിനാണ് പുകവലിക്കാർക്കെതിരെ നടപടിയെടുക്കുന്നത്. പിടിയിലാകുന്നവരിൽനിന്ന് 200 രൂപയാണ് പിഴയായി ഈടാക്കുക. സന്നിധാനത്ത് മാത്രം 65 പേരാണ് ഇതുവരെ പിടിയിലായത്. 13,000 രൂപ പിഴയിനത്തിൽ ഈടാക്കി. ഏറ്റവും കൂടുതൽ പുകവലിക്കാർ കുടുങ്ങിയത് നിലയ്ക്കലാണ്. 205 കേസുകളിലായി 40700 രൂപയാണ് പിഴയായി ചുമത്തിയത്. പമ്പയിൽ തങ്ങുന്നവർ കുറവായതിനാൽ 19പേരെ കുടുങ്ങിയുള്ളു. അവിടെ 3800രൂപ പിഴ ചുമത്തി.

ബോധവൽക്കരണവും കർശന നിയന്ത്രണങ്ങളും പുകവലിക്കാരുടെ എണ്ണത്തിൽ കുറവു ാക്കിയിട്ടു ന്ന് എക്സൈസ് അധികൃതർ പറയുന്നു.

നേരത്തെ ഉപ്പുപാറ വഴിയായിരുന്നു പ്രധാനമായും പുകയില ഉൽപ്പന്നങ്ങൾ ശബരിമലയിലേയ്ക്ക് എത്തിയിരുന്നത്. നിയന്ത്രണങ്ങളെ തുടർന്ന് പുകയില ഉൽപ്പന്നങ്ങൾ കിട്ടാത്തായതും പുകവലിക്ക് പിടിയിലാകുന്നവരുടെ എണ്ണം കുറയാനിടയാക്കി.

നിലക്കൽ, പമ്പ, സന്നിധാനം എന്നിങ്ങനെ മൂന്ന് കേന്ദ്രങ്ങളിലാണ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ എക്സൈസ് ഓഫീസുകൾ പ്രവർത്തിക്കുന്നത്.

(പി.ആർ. ശബരി-204)

